# GLP SCHOOL

## CHELANNUR

## അക്കാദമിക മാസ്റ്റർ പ്ലാൻ

2025 -26



# ആമുഖം

വിദ്യാഭ്യാസ അവകാശ നിയമം അനുസരിച്ച് എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ലഭിക്കുക എന്നുള്ളത് അവരുടെ അവകാശമാണ്. ഈ നേട്ടത്തിലേക്ക് കുട്ടികൾ എത്തിച്ചേരണമെങ്കിൽ ഓരോ കുട്ടിയെയും കൃത്യമായി മനസ്സിലാക്കി വേണം അക്കാദമിക പ്രവർത്തനങ്ങൾ രൂപപ്പെടുത്തേണ്ടത്. അങ്ങിനെ രൂപപ്പെടുത്തിയ സമഗ്രമായ പ്രവർത്തന പദ്ധതിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ.

ഒരു കുട്ടിയെ ഒരു യൂണിറ്റായി കണ്ട് നിരന്തര മൂല്യനിർണയത്തിലൂടെ ഓരോ കുട്ടിയെയും മികവിന്റെ പാതയിലേക്ക് എത്തിക്കുന്നതിനുതകുന്ന രൂപത്തിലുള്ള കർമ്മ പദ്ധതികൾ അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ കാര്യങ്ങൾ കൃത്യമായും ശാസ്ത്രീയമായും നടക്കുന്നതിനുള്ള ശക്തമായ മോണിറ്ററിംഗ് സംവിധാനവും നടപ്പാക്കുന്നുണ്ട്. രക്ഷിതാക്കൾ പൊതുജനങ്ങൾ സന്നദ്ധ സംഘടനകൾ എന്നിവരുടെ സഹകരണവും ഈ പദ്ധതിയുടെ വിജയത്തിന് അനിവാര്യമാണ്.

1931ൽ സ്ഥാപിതമായ നമ്മുടെ വിദ്യാലയത്തെ സംബന്ധിച്ചിടത്തോളം പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ലഭിച്ച ഒരു കോടി രൂപ വിനിയോഗിച്ച് നിർമിച്ച 6 ക്ലാസ് മുറികളും ടോയ്‌ലറ്റുകളും ഉൾപ്പെടുന്ന ഇരുനില കെട്ടിടം അഭിമാനാർഹമായ നേട്ടം തന്നെയാണ്.പ്രീ പ്രൈമറി ശാക്തികരണം ലക്ഷ്യം വെച്ച് എസ് എസ് കെ സ്റ്റാർസ് പദ്ധതിയായ 11 ലക്ഷം രൂപ ഉപയോഗിച്ച് ഒരുക്കിയ വർണ്ണ കൂടാരം നമ്മുടെ സ്കൂളിന് ഹൈടെക്കിലവാരത്തിലുള്ളതാക്കാൻ സഹായിച്ചു.

ഗവൺമെന്റ് ഓണറേറിയം ലഭിക്കുന്ന ഒരു ആയ, രണ്ട് അധ്യാപകർ എന്നിവരടങ്ങുന്ന പ്രീപ്രൈമറിയും 5(LPSA) അധ്യാപകർ, 1 അറബിക് (FT) അധ്യാപകൻ, പ്രധാനാധ്യാപിക, 1 പി ടിസിഎം എന്നിവർ ഉൾപ്പെടുന്ന ഈ വിദ്യാലയത്തിൽ 5 ഡിവിഷനുകളിലായി 2025 26 വർഷം1 മുതൽ 4 വരെ124 കുട്ടികളും പ്രീ പ്രൈമറിയിൽ 32 കുട്ടികളും പഠിച്ചു വരുന്നു. അക്കാദമിക വിഷയങ്ങളിലും പാഠ്യേതര വിഷയങ്ങളിലും നമ്മുടെ കുട്ടികൾ മികവ് പുലർത്തുന്നു.

അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| സ്കൂളിന്റെ പേര് | ജിഎൽപി സ്കൂൾ ചേളന്നൂർ താമരശ്ശേരി |
| മേൽവിലാസം | ചേളന്നൂർ (പി ഒ) കോഴിക്കോട് |
| സ്കൂൾ കോഡ് | 17402 |
| വിദ്യാഭ്യാസ ജില്ല | കോഴിക്കോട് |
| വിദ്യാഭ്യാസ ഉപജില്ല | ചേവായൂർ |
| ഗ്രാമപഞ്ചായത്ത് | ചേളന്നൂർ |
| ഇ മെയിൽ | glpschelannur 13@gmail. com |
| ഫോൺ | 9645512011 |
| ഹെഡ്മിസ്ട്രസ് | ശ്രീജ എം സി |
| അധ്യാപകർ | പ്രബ്ല. പി (Sr. Asst &Staff Secretary) |
| | ഇന്ദു ദാസ്. കെ |
| | ശുഭശ്രീ.വി |
| | ജോൽസ്ന.ബി നായർ |
| | ഫൈസൽ പി.( അറബിക് |

| | |
|---|---|
| | ) |
| | ശ്രീലത. ടി |
| പ്രീ പ്രൈമറി അധ്യാപകർ | ശോഭിത എംകെ |
| | സുഗിഷ |
| ആയ | രജനി പി പി |
| പി ടി സി എം | ചന്ദ്രി കെ |
| | |

*പൊതു ലക്ഷ്യങ്ങൾ*

- സമൂഹത്തിന് മാതൃകയാകുന്ന തരത്തിലുള്ള കുട്ടികളെ വാർത്തെടുക്കൽ
- - ഒരു കുട്ടി ഒരു യൂണിറ്റ് എന്ന രീതിയിലുള്ള പഠന രീതി
- കുട്ടികളുടെ അഭിരുചി കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കലും പരിശീലനവും
-വായനയെ പരിപോഷിപ്പിക്കുന്ന വിവിധ പ്രവർത്തനങ്ങൾ
- ഹോം ലൈബ്രറി, അമ്മ വായന, ക്ലാസ് ലൈബ്രറി വിപുലീകരണ പ്രവർത്തനങ്ങൾ
- പത്രവായന ശീലമാക്കൽ- സ്കൂളിൽ പത്ര വായനയ്ക്കുള്ള അവസരം ഒരുക്കൽ
- കോർണർ പിടിഎ സാധ്യതകൾ പ്രയോജനപ്പെടുത്തൽ
- ആധുനിക സാങ്കേതികവിദ്യ ക്ലാസ് മുറികളിൽ പ്രയോജനപ്പെടുത്തൽ
- ഇംഗ്ലീഷ് ഭാഷ സംസാരിക്കുന്നതിന് ആവശ്യമായ കൂടുതൽ പ്രവർത്തനങ്ങൾ, പദ്ധതികൾ ഒരുക്കൽ
- മാലിന്യമുക്ത വിദ്യാലയം, ഹരിത വിദ്യാലയം, പ്ലാസ്റ്റിക് മുക്ത വിദ്യാലയം
- പച്ചക്കറി കൃഷി ഔഷധത്തോട്ടം ജൈവവൈവിധ്യ ഉദ്യാനം വികസിപ്പിക്കലും പരിപാലനവും
- രക്ഷിതാക്കൾക്ക് ബോധവൽക്കരണ ക്ലാസുകൾ ശില്പശാലകൾ സംഘടിപ്പിക്കൽ
- ജാഗ്രത സമിതി
- സ്കൂളിലേക്ക് കൂടുതൽ കുട്ടികളെ എത്തിക്കൽ -
- പൊതുസൗകര്യങ്ങൾ പ്രയോജനപ്പെടുത്തൽ

*നേട്ടങ്ങൾ*

- മികച്ച അധ്യാപകർ

- മികച്ച ഭൗതിക സൗകര്യങ്ങൾ
ഹൈടെക് പ്രീപ്രൈമറി
- ശിശു സൗഹൃദ വിദ്യാലയാ ന്തരീക്ഷം
- ലൈബ്രറി കലാ മ്യൂസിയം ക്ലാസ് ലൈബ്രറി
- ആരോഗ്യ കായിക വിദ്യാഭ്യാസം ഉറപ്പുവരുത്തൽ
സൂംബ ഡാൻസ്,കരാട്ടെ പരിശീലനം, കലാപഠനം, ചിത്രരചന പരിശീലനം ഫുട്ബോൾ കോച്ചിംഗ്എച്ച്
- എല്ലാ കുട്ടികൾക്കും അവർക്ക് ആവശ്യമുള്ള പഠന പിന്തുണ നൽകൽ
- പ്രത്യേക പരിഗണിക്കുന്ന കുട്ടികൾക്ക് ആവശ്യമായ വ്യക്തിഗത സപ്പോർട്ട്
- സർഗാത്മക വേദികൾ,
കലാകായിക പ്രവൃത്തി  പരിചയമേളകളിൽ പ്രത്യേക പരിശീലനം
പ്രസംഗ പരിശീലനം

*പരിമിതികൾ*

- കുട്ടികളുടെ യാത്രാസൗകര്യം- വാഹനത്തിന്റെ അഭാവം
- കായികാധ്യാപകന്റെ അഭാവം
- കുട്ടികൾക്ക് കളിക്കുന്നതിന് ആവശ്യമായ ഗ്രൗണ്ടിന്റെ  അഭാവം
- കുട്ടികളുടെ എണ്ണത്തിനനുസരിച്ചുള്ള കമ്പ്യൂട്ടറുകളുടെ കുറവ്
- സ്മാർട്ട് ക്ലാസ്സ് റൂം അഭാവം
- പാചകപ്പുരയുടെ സൗകര്യക്കുറവ്, ഡൈനിങ് ഏരിയയുടെ സൗകര്യക്കുറവ്

## ലക്ഷ്യങ്ങൾ

### ഭാഷാ വികസനം

- എല്ലാ കുട്ടികളെയും ആശയഗ്രഹണത്തോടെ വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കൽ
- കുട്ടികൾ ഓരോ ക്ലാസിലും നേടേണ്ടതായ ശേഷികൾ നേടൽ
- വായന പരിപോഷിപ്പിക്കൽ
- സർഗാത്മക വായന രചന എന്നിവ പ്രോത്സാഹിപ്പിക്കൽ
- വിവിധ വ്യവഹാര രൂപങ്ങൾ പരിചയപ്പെടൽ പ്രാവീണ്യമുള്ളവരാക്കൽ
- പ്രസംഗ പരിശീലനം
- സാഹിത്യാഭിരുചി വളർത്തൽ

അറബി

- എല്ലാ കുട്ടികളെയും ആശയങ്ങൾ ഉൾക്കൊണ്ട് എഴുതാനും പ്രാപ്തരാക്കൽ
- കരിക്കുലം ലക്ഷ്യം വയ്ക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികൾക്കും ഉറപ്പുവരുത്തൽ
- അറബിക് ടാലന്റ് പരീക്ഷകൾ ക്വിസ് തുടങ്ങിയവ സംഘടിപ്പിക്കൽ

ഇംഗ്ലീഷ്

- ആത്മവിശ്വാസത്തോടെ ഇംഗ്ലീഷിൽ ആശയവിനിമയം നടത്തൽ
- സ്വതന്ത്ര വായനയ്ക്കായി ക്ലാസ് സ്ഥലം ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കൽ
- ഇംഗ്ലീഷ് പരിപോഷണ പരിപാടി
- ഇംഗ്ലീഷ് ക്ലാസ്സുകൾ പ്രവർത്തനാ ധിഷ്ഠിതമാക്കൽ
- ഹലോ ഇംഗ്ലീഷ് വർക്ക് ഷോപ്പ്

- ഐസിടി സാധ്യതകളിലൂടെ ഇംഗ്ലീഷ് ഭാഷാ വികസനം
- ഇംഗ്ലീഷ് ടൈം
- ഇംഗ്ലീഷ് ഫെസ്റ്റ്

ഗണിതം

- അടിസ്ഥാന ഗണിതശേഷികൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കൽ
- ഗണിതത്തെ ജീവിതഗന്ധിയാ ക്കൽ
- ഐസിടി ഉപയോഗിച്ചുള്ള ഗണിത പഠന സാധ്യതകൾ
- ഗണിത താൽപര്യത്തുന്ന വിവിധ ക്ലാസ് റൂം പ്രവർത്തനങ്ങൾ ഒരുക്കൽ ( ക്വിസ് പസിൽ,ജാമതീയ രൂപങ്ങൾ, പാറ്റേൺ ടാൻഗ്രാം )
- ഗണിത പെട്ടി ജിയോ ബോർഡ്
- ഗണിത കേളികൾ നൽകൽ
- ഒറിഗാമി പ്രവർത്തനങ്ങൾ

## പരിസര പഠനം

- ശാസ്ത്ര പഠനത്തിൽ താല്പര്യമുണ ർത്തുന്ന രീതിയിലുള്ള ലഘുപരീക്ഷണങ്ങൾ
- ഗവേഷണാത്മകമായ ക്ലാസ് മുറികൾ
- ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള ശേഷി
- ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്ന പ്രവർത്തനങ്ങൾ
- ഹോം ലാബ്

- ശിൽപ്പശാലകൾ
- ശാസ്ത്രോത്സവങ്ങൾ സംഘടിപ്പിക്കൽ

## സാമൂഹികാവബോധം

- കുട്ടികളെ സമൂഹവുമായി ബന്ധപ്പെടുത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ
- ബോധവൽക്കരണ ക്ലാസുകൾ
- കുട്ടികളുടെ പങ്കാളിത്തത്തോടെയുള്ള ദിനാചരണ പ്രവർത്തനങ്ങൾ
- ജനാധിപത്യരീതിയിലുള്ള സ്കൂൾ ഇലക്ഷൻ
- കോർണർ
- പൊതു ഇട പഠനോത്സവങ്ങൾ
- അഭിമുഖങ്ങൾ
- ഗ്രാൻഡ് പാരന്റ്സ് ഡേ
- ഫാദേഴ്സ് ഡേ

*ICT*

- സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടർ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കൽ
- വിവരസാങ്കേതികവിദ്യ ഫലപ്രദമായി പ്രയോജനപ്പെടുത്തൽ
-ICT സാധ്യത യുമായി കോർത്തിണക്കിയുള്ള പഠനം
- അറിവ് നിർമ്മാണ പ്രക്രിയയിൽ വിവര സാങ്കേതികവിദ്യയുടെ അനന്തസാധ്യതകൾ ഉപയോഗപ്പെടുത്തൽ

*പ്രവൃത്തി പരിചയം*
- നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക
- പാഴ് വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ പ്രയോജനപരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കൽ
- വിഷയാടിസ്ഥാനത്തിൽ പ്രവൃത്തി പരിചയ സാധ്യതകൾ ഉപയോഗപ്പെടുത്തൽ
- ഒറിഗാമി

*കലാ പരിശീലനം*

- ഓരോ കുട്ടിയുടെയും സവിശേഷമായ കഴിവുകൾ കണ്ടെത്തി പരിപോഷിപ്പിക്കൽ

- കലാഭിരുചി വളർത്തൽ
- ആധുനികശാസ്ത്ര സാങ്കേതിക കലാ പഠനത്തിൽ ഉപയോഗപ്പെടുത്തൽ

-ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യകൾ കലാ പഠനത്തിൽ ഉപയോഗപ്പെടുത്തൽ

- സർഗ്ഗ വേള ബാലസഭ തുടങ്ങിയവയിലൂടെ കുട്ടികളുടെ സർഗാത്മക പ്രകടനങ്ങൾ

*ആരോഗ്യ കായിക* *വിദ്യാഭ്യാസം*

-എല്ലാ കുട്ടികൾക്കും കായികാരോഗ്യ ക്ഷമത ഉറപ്പാക്കൽ

-ആരോഗ്യ ശീലങ്ങൾ വളർത്തൽ

-ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഒരുക്കൽ

-ക്യാമ്പസിനെ -മാലിന്യമുക്തമാക്കൽ,ഹ രിതാഭമാക്കൽ

-സൂംബ ഡാൻസ്, ലഘു വ്യായാമ മുറകൾ

-ഫുട്ബോൾ കോച്ചിംഗ്

# വിലയിരുത്തൽ, രേഖപ്പെടുത്തൽ, അക്കാദമിക മോണിറ്ററിങ്

---

## അക്കാദമിക് മോണിറ്ററിംഗ് (Academic Monitoring)

വിദ്യാർത്ഥികളുടെ പഠന പുരോഗതി ഉറപ്പുവരുത്തുന്നതിനായി അധ്യാപകരുടെ ആസൂത്രണം, ക്ലാസ് മുറിയിലെ ഇടപെടലുകൾ, കുട്ടികളുടെ പങ്കാളിത്തം, പഠനപ്രവർത്തനങ്ങൾ എന്നിവയുടെ ശാസ്ത്രീയ അവലോകനമാണ് അക്കാദമിക് മോണിറ്ററിംഗ്. പഠനം കേവലം ലക്ഷ്യബദ്ധമായതല്ല, കുട്ടികളെ ആഴത്തിലുള്ള അറിവിലേക്കും കഴിവിലേക്കും നയിക്കുന്നതുമാകണം. ഇത് ഉറപ്പാക്കുവാൻ മേൽനോട്ട ഉദ്യോഗസ്ഥർ സ്കൂൾതല പ്രവർത്തനങ്ങൾ പ്രതിവാരമായി വിലയിരുത്തുകയും അനുയോജ്യമായ പുനഃസംഘടനവും പിന്തുണയും തുടർന്നുള്ള ഇടപെടലുകൾക്കും നേതൃത്വം നൽകുകയും വേണം.

### പ്രവർത്തന ലക്ഷ്യങ്ങൾ:

- വിദ്യാലയങ്ങളിൽ **HELP 2025** പ്രകാരമുള്ള പഠനപദ്ധതികൾ നടത്തപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കുക.
- അധ്യാപകരുടെ ആസൂത്രണത്തിന്റെയും ക്ലാസ് റൂം ഇടപെടലിന്റെയും ഗുണനിലവാരം വിലയിരുത്തുക.
- കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തുന്നതിനുള്ള ഡിജിറ്റൽ തെളിവുകൾ, ക്ലാസ് പ്രവർത്തനങ്ങൾ, പോർട്ട്ഫോളിയോ മുതലായവ പരിശോധിക്കുക.
- ശ്രദ്ധയാകർഷിക്കേണ്ട മേഖലകളെ തിരിച്ചറിഞ്ഞ് പിന്തുണ നൽകുക.
- വിദ്യാലയ തലത്തിലുള്ള കൂട്ടായ്മകളെ (PTA, HM, SMC, SSK) പ്രോത്സാഹിപ്പിക്കുക.

### പ്രവർത്തന ഘട്ടങ്ങൾ:

- തീയതി നിശ്ചയിച്ച സന്ദർശനം:
  - ഡയറ്റ്, DEO, AEO തുടങ്ങിയ ഉദ്യോഗസ്ഥർ പ്രതിവാരം ഒരു സ്കൂൾ സന്ദർശിക്കും. **HELP 2025** ഹാൻഡ്ബുക്കിലെ നിർദ്ദേശങ്ങൾ അനുസരിച്ച് അവലോകനം നടത്തും.
- മോണിറ്ററിംഗ് ഉപാധികൾ:
  - **UNIT WISE MONITORING FORMAT:** ഒന്നാം ഭാഗം: പഠനഫലങ്ങൾ, പ്രവർത്തനങ്ങൾ, ചോദ്യങ്ങൾ, പോയിന്റുകൾ എന്നിവ.
  - **PORTFOLIO EVIDENCE:** കുട്ടികളുടെ പ്രവർത്തനങ്ങൾ, ചിത്രങ്ങൾ, വിലയിരുത്തൽ രേഖകൾ.
  - **NOTEBOOK ENTRY CHECKLIST:** ക്ലാസ്സിലെ റിവ്യൂ, ഓൺ-ദ-സ്പോട്ട് വിലയിരുത്തൽ.
  - **OBSERVATION TOOL:** കൃത്യമായി തയ്യാറാക്കിയ ക്ലാസ് റൂം നിരീക്ഷണ ഫോർമാറ്റ്.

- ഉദ്യോഗസ്ഥരുടെ ചുമതലകൾ:

    - **SCERT/DIET** ഫാക്കൽറ്റി അംഗങ്ങൾ: വിലയിരുത്തലിന്റെ ശാസ്ത്രീയത ഉറപ്പാക്കുക.
    - **DIET PRINCIPAL:** ജില്ലാതല മാർഗ്ഗനിർദ്ദേശം.
    - **DDE, DEO, AEO:** സ്കൂൾ തല ചിട്ടവ്യവസ്ഥയും അധ്യാപക പിന്തുണയും.
    - **DPC, BPC:** പദ്ധതി നടപ്പാക്കലിന്റെ കൃത്യതയും ഉപരിതല സഹായങ്ങളും.
    - വിദ്യാകിരണം മിഷൻ കോർഡിനേറ്റർ: ഡോക്യുമെന്റേഷൻ, ഡിജിറ്റൽ രേഖകൾ.
- പ്രതിവാര അവലോകനം:

    - സന്ദർശനം, കുട്ടികളുടെ പ്രവർത്തനം, അധ്യാപകരുടെ ആസൂത്രണം, ക്ലാസ് അന്തരീക്ഷം എന്നിവയുടെ റിപ്പോർട്ട്.
    - ബ്ലോക്ക്/ജില്ലാതല അവലോകന യോഗങ്ങൾ മുഖേന സംവേദനം.

വിലയിരുത്തൽ:

- **HELP 2025** പ്രകാരം ഓരോ യൂണിറ്റിനും സൂക്ഷ്മ നിരീക്ഷണ റിപ്പോർട്ട് തയ്യാറാക്കുക.
- കുട്ടികളുടെ പ്രതികരണങ്ങൾ, പഠന ലഘുചിത്രങ്ങൾ, പോർട്ട്ഫോളിയോ നോട്ടുകൾ എന്നിവ പരിശോധിക്കുക.
- അധ്യാപകരുടെ ടെസ്റ്റ് ബുക്ക്, ഡയറികൾ, യഥാസമയം എഴുതി വച്ച ആസൂത്രണങ്ങൾ പരിശോധിക്കുക.
- റീഡേഴ്സ് തിയേറ്റർ, ഗ്രൂപ്പ് പ്രവർത്തനങ്ങൾ, ആക്ടിവിറ്റി ബേസ്ഡ് അധ്യാപനം, സാമൂഹ്യ-ഭാഷാവികാസം തുടങ്ങിയ ഘടകങ്ങൾക്കുള്ള പങ്കാളിത്തം.
- അധ്യാപകരുമായി പ്രതികരണ സംവാദം നടത്തി മാർഗ്ഗനിർദ്ദേശം നൽകുക.

---

## വികാസപ്രദ വിലയിരുത്തൽ (Formative Assessment)

വികാസപ്രദ വിലയിരുത്തൽ **(Formative Assessment)** എന്നത് പഠനപ്രക്രിയയിൽ ഉൾനിന്നും ഉയരുന്ന ഒരു സമഗ്രതയും പ്രതിഫലനവുമാണ്. പഠനത്തിനും അധ്യാപനത്തിനുമിടയിലെ ദിശാബോധം നൽകുന്ന വളർച്ചാകേന്ദ്രമാണ് ഇത്. കുട്ടിയുടെ അറിവ്, പ്രക്രിയാശേഷി, പങ്കാളിത്തം, ആശയവിനിമയം, ആശയധാരണ തുടങ്ങിയവയെ അടിസ്ഥാനമാക്കി നിരന്തരം മുന്നോട്ടുപോകുന്ന ശൈലി വളർത്തുന്നതാണ് വികാസപരമായ വിലയിരുത്തൽ. **KCF 2023** ന്റെ അടിസ്ഥാനത്തിൽ പഠനത്തിലേക്കുള്ള പ്രക്രിയാഗത വളർച്ചക്കായാണ് വിലയിരുത്തലിന്റെ മുഖ്യഭൂമി.

പ്രവർത്തന ലക്ഷ്യങ്ങൾ:

- കുട്ടിയുടെ പഠനപ്രവൃത്തിയിൽ പങ്കാളിത്തം, ധാരണ, പ്രകടനം, രേഖപ്പെടുത്തൽ എന്നിവയുടെ ആധികാരിക വിലയിരുത്തൽ നടത്തുക.
- തത്സമയത്തിൽ കുട്ടിയുടെ പഠന പുരോഗതിയെ തിരിച്ചറിയാനും പിന്തുണയ്ക്കാനും കഴിയുക.
- വൈവിധ്യമാർന്ന പഠന രീതികളിൽ ഉൾപ്പെടുത്തിയ വളർച്ച തിരിച്ചറിയുക.
- അധ്യാപകർക്ക് അവരുടെ പഠനനടപടികൾ വിലയിരുത്താനും, മെച്ചപ്പെടുത്താനും സഹായിക്കുക.
- പോർട്ട്ഫോളിയോ വിലയിരുത്തലിന്റെ ഭാഗമായി കുട്ടിയുടെ അതിജീവനവൈവിധ്യങ്ങൾ ഉൾപ്പെടുത്തുക.

പ്രവർത്തന ഘട്ടങ്ങൾ:

- പഠനപ്രക്രിയ വിലയിരുത്തൽ:
    - പ്രവർത്തന പങ്കാളിത്തം:
        - പ്രവർത്തനം ഏറ്റെടുത്തു?
        - ഗ്രൂപ്പിൽ പ്രവർത്തിച്ചു?
        - ആശയങ്ങൾ പങ്കുവെച്ചു?
    - ആശയധാരണ:
        - ഉള്ളടക്കം മനസ്സിലാക്കിയിരിക്കുന്നു?
        - അറിവ് നിർമ്മാണം നടന്നിട്ടുണ്ടോ?
- പ്രക്രിയാശേഷി വിലയിരുത്തൽ:
    - മുൻധാരണകൾ എന്തെല്ലാമായിരുന്നു?
    - പുതിയ പ്രക്രിയാശേഷികൾ വിജയകരമായി കൈവരിച്ചോ?
- പ്രകടനം / അവതരണം:
    - ഗ്രൂപ്പ് പ്രവർത്തനത്തിനു ശേഷം വ്യക്തിഗതമായി ഫലപ്രദമായി അവതരിപ്പിച്ചു?
    - താൻ കണ്ടെത്തിയ കാര്യങ്ങൾ യുക്തിപൂർവമായി വിശദീകരിച്ചു?
- രേഖപ്പെടുത്തൽ:
    - പ്രവർത്തനങ്ങൾക്കുള്ള രേഖപ്പെടുത്തലുകൾ നടത്തിയിരിക്കുന്നു?
    - അതിനുള്ള ആകൃതിയും അതിന്റെ അടക്കം, മനസ്സിലാക്കാവുന്ന വിധത്തിലുള്ള അവതരണമാണ്?
    - ഗ്രൂപ്പ് ചർച്ചകൾക്ക് ശേഷം സാധ്യമായ രേഖകൾ നൽകിയിട്ടുണ്ടോ?

## വിലയിരുത്തൽ മാർഗ്ഗങ്ങൾ:

- നിരീക്ഷണം **(Observation):**
    - അധ്യാപകന്റെ ദൈനംദിന നിരീക്ഷണ റിപ്പോർട്ടുകൾ, ചെക്ക് ലിസ്റ്റ്.
- അഭിമുഖം **(Interview):**
    - കുട്ടിയുമായുള്ള സൗഹൃദപരമായ സംവാദം.
- റേറ്റിംഗ് സ്കെയിൽ:
    - പ്രവർത്തനത്തിലെ വിവിധ ഘടകങ്ങൾ 1 മുതൽ 5 വരെ സ്കോർ ചെയ്യുക.
- കേസ്സ്റ്റഡി / സ്കെച്ചുകൾ / ഡയറി നോട്ടുകൾ:
    - വ്യക്തിഗത പഠനത്തിലെ പുതിയ വഴികൾ അടയാളപ്പെടുത്തുക.
- സ്വയം വിലയിരുത്തൽ ഫോറങ്ങൾ:
    - കുട്ടി സ്വയം തന്റെ വളർച്ചയെക്കുറിച്ച് രേഖപ്പെടുത്തുന്നത്.

## പോർട്ട്ഫോളിയോ വിലയിരുത്തൽ:

- പ്രതിമാസം ഓരോ കുട്ടിയുടെയും പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ സമാഹരിച്ച് പോർട്ട്ഫോളിയോ രൂപത്തിൽ നിക്ഷേപിക്കുക.

- ക്ലാസ് PTA യോഗങ്ങളിൽ പോർട്ട്ഫോളിയോ മാതാപിതാക്കൾക്ക് കാണിച്ചുകൊടുക്കുക.
- **HELP 2025** ക്ലാസ് ഹാൻഡ്ബുക്കിലെ യൂണിറ്റ് വിലയിരുത്തലുകളുമായി യോജിപ്പിക്കുക.

## KCF 2023 നിർദ്ദേശങ്ങൾ അനുസരിച്ച്:

- വിലയിരുത്തൽ രീതികൾ കുട്ടിയുടെ മനോഭാവം, തനിമ, പ്രത്യേകതകൾ, അഭിരുചികൾ എന്നിവ ഉൾപ്പെടുത്തണം.
- ഭിന്നശേഷിക്കാരായ കുട്ടികൾക്കും എളുപ്പത്തിൽ അടുക്കാവുന്ന രീതിയിൽ ഉണ്ടായിരിക്കണം.
- വിലയിരുത്തലിന് കൃത്യതയും സംവേദ്യതയും ഉണ്ടാകണം.
- തത്സമയത്തിൽ നടത്തപ്പെടുന്ന വിലയിരുത്തലുകൾ വിദ്യാർത്ഥിയിലും അധ്യാപകനിലും തിരിച്ചറിവുകൾ സൃഷ്ടിക്കണം.

---

**HELP 2025** ഹാൻഡ്ബുക്കും, സമഗ്ര പുരോഗതി രേഖയും, പ്രവർത്തന വിഭാഗങ്ങൾക്കായുള്ള ക്ലാസ് രീതി, പ്രതിദിന ആസൂത്രണം എന്നിവയുമായി സംയോജിപ്പിച്ച് പഠന മാറ്റങ്ങൾ ഉണ്ടാകുന്നതിനുള്ള അധ്യാപക പിന്തുണയും, ആധികാരിക മേൽനോട്ടവും ഉറപ്പാക്കേണ്ടത് വിദ്യാഭ്യാസ സംവിധാനത്തിന്റെ ഉത്തരവാദിത്തമാണ്.

---

## സമഗ്ര പുരോഗതി രേഖ (Holistic Progress Card)

ഒരു കുട്ടിയുടെ പുരോഗതി ഒരു ബഹുമേഖലാപരമായ പ്രക്രിയയാണ്. അത്തരം വളർച്ചയെ ശാസ്ത്രീയമായി രേഖപ്പെടുത്താനും ശേഖരിക്കാനും, തുടർന്നുള്ള അധ്യയനത്തിനും പിന്തുണയ്ക്കുന്നതിനും വേണ്ടിയാണ് സമഗ്ര പുരോഗതി രേഖ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഇതൊരു പരീക്ഷാ മാർക്കിനപ്പുറം, കുട്ടിയുടെ ബുദ്ധിപരമായ കഴിവ്, സാമൂഹികമായ പെരുമാറ്റം, സൃഷ്ടിപരമായ കഴിവുകൾ, മാനസികസ്ഥിതികൾ, ശാരീരികക്ഷമത തുടങ്ങിയവയെ സമാനമായി വിലമതിക്കുകയും രേഖപ്പെടുത്തുകയും ചെയ്യുന്നു. ഈ രേഖ ഓരോ ക്ലാസിലും തുടർച്ചയായി പുതുക്കപ്പെടുകയും അടുത്ത ക്ലാസിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയും വേണം.

### പ്രവർത്തന ലക്ഷ്യങ്ങൾ:

- കുട്ടിയുടെ ബഹുമേഖലാപരമായ വളർച്ച രേഖപ്പെടുത്തുക.
- ബുദ്ധിമുട്ടുകളും പുരോഗതിയും തിരിച്ചറിയുകയും അതനുസരിച്ച് ഇടപെടലുകൾ ആസൂത്രണം ചെയ്യുകയും ചെയ്യുക.
- അഭിപ്രായങ്ങൾ, നിരീക്ഷണങ്ങൾ, വിവരങ്ങൾ എന്നിവ കൃത്യമായി ഒറ്റ രേഖയിൽ ഉൾപ്പെടുത്തുക.
- തുടർച്ചയായ അധ്യയനത്തിന് ശാസ്ത്രീയത നൽകുക.
- പാഠപദ്ധതികൾ, പഠനശൈലികൾ, അധ്യാപക ഇടപെടലുകൾ എന്നിവയുടെ ഫലപ്രാപ്തി വിലയിരുത്തുക.

### പ്രവർത്തന ഘട്ടങ്ങൾ:

- രേഖയുടെ രൂപരേഖ തയ്യാറാക്കൽ:
  - പ്രധാന മേഖലകൾ:
    - വൈജ്ഞാനികം (Academic)
    - വൈകാരികം (Emotional)
    - സാമൂഹികം (Social)
    - ശാരീരികം (Physical)
    - മാനസികം (Mental)
    - ആചരണപൂർണ്ണത / മൂല്യബോധം
    - ആശയവിനിമയക്ഷമത
    - സഹപാഠികളുമായുള്ള ഇടപെടൽ / സഹകരണം
- വിലയിരുത്തലിന്റെ ഘടകങ്ങൾ നിർണ്ണയിക്കൽ:
  - ഓരോ മേഖലയിലെയും നിരീക്ഷണ രേഖകൾ.
  - അധ്യാപക കമന്റുകൾ / PTA വിലയിരുത്തൽ.
  - ക്ലാസ്സ് പ്രവർത്തനങ്ങൾ, പ്രദർശനങ്ങൾ, അർഹതകൾ.
- കാലക്രമനുസൃതമായി രേഖപ്പെടുത്തൽ:
  - മാസപരവും പാദപരവും ആയി നിരീക്ഷണങ്ങളും വിലയിരുത്തലുകളും രേഖപ്പെടുത്തുക.
  - കുട്ടിയുടെ സ്വഭാവ വ്യത്യാസങ്ങൾ, വളർച്ചാനടവുകൾ എന്നിവ ഇടപെടലുകൾക്കനുസൃതമായി രേഖപ്പെടുത്തുക.
- പുതിയ ക്ലാസിലേക്ക് കൈമാറ്റം:

പ്രവർത്തന പദ്ധതികൾ- മലയാളം

ഉപ മേഖല - വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക | കുട്ടികൾക്ക് ലൈബ്രറി പുസ്തകങ്ങൾ നൽകൽ | രണ്ടാഴ്ചയിൽ ഒരു പുസ്തകം | ക്ലാസ് ടീച്ചർ | |

ക്ലാസ്സ് ലൈബ്രറി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തൽ | ക്ലാസിൽ ലൈബ്രറി ലഭ്യമാക്കൽ | ജൂൺ - മാർച്ച് | ക്ലാസ് ലൈബ്രേറിയൻ | 3000 |

ഉച്ചഭാഷിണി വായന

| ലക്ഷ്യം | | കാലം | ചുമതല | |
|---|---|---|---|---|

| | പ്രവർത്തനം | | | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അർത്ഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു | ഉച്ചഭാഷിണിയിലൂടെ ഒരു ദിനം ഒരു കുട്ടി വായന | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ കുട്ടികൾ | |

പത്രവായന

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനാശീലം വളർത്തൽ | ക്ലാസിൽ ഒരു പത്രം ഒരുക്കൽ | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ | 5000 |

ലേഖനം:ക്ലാസ് തല കയ്യെഴുത്ത് മാഗസിൻ, ക്ലാസ്സിൽ ഒരു പത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയങ്ങൾ വിവിധ വ്യവഹാര രൂപങ്ങളിലൂടെ ആവിഷ്കരിക്കൽ | കുട്ടികളുടെ മികച്ച രചനകൾ ചേർത്ത് വെച്ച് മാഗസിൻ തയ്യാറാക്കൽ | ജൂൺ -മാർച്ച് | ക്ലാസ് ടീച്ചർ കുട്ടികൾ | 5000 |

| | | | | |
|---|---|---|---|---|
| | ക്ലാസ്സിൽ ഒരു പത്രം | ജൂൺ - മാർച്ച് | | |

ആസ്വാദനക്കുറിപ്പുകൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളെ ആശയ ഗ്രഹണത്തോടെ വായിക്കു | വായിച്ച പുസ്തകങ്ങളുടെ വായനക്കുറിപ്പ് തയ്യാറാ | ജൂൺ -മാർച്ച് | കുട്ടികൾ | |

| | | | | |
|---|---|---|---|---|
| ന്നതിനും എഴുതുന്ന തിനു പ്രാപ്തരാ ക്കുക | ക്കൽ | | | |

ലേഖനം: ക്ലാസ് തല കയ്യെഴുത്ത് മാഗസിൻ,
ക്ലാസ്സിൽ ഒരു പത്രം

| ലക്ഷ്യം | പ്രവർ ത്തനം | കാലം | ചുമതല | സാമ്പ ത്തികം |
|---|---|---|---|---|
| ആശയ ങ്ങൾ വിവിധ വ്യവഹാ ര രൂപങ്ങ ളിലൂടെ ആവിഷ്ക രിക്കൽ | കുട്ടികളു ടെ മികച്ച രചനക ൾ ചേർത്ത് വെച്ച് മാഗസി ൻ തയ്യാറാ ക്കൽ | ജൂൺ -മാർച്ച് | ക്ലാസ് ടീച്ചർ കുട്ടികൾ | 5000 |

# ഇംഗ്ലീഷ്

പ്രവർത്തനം : 1
പേര് : ഇംഗ്ലീഷ് അസംബ്ലി
ഉപമേഖല : പ്രകടനവേദികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം നൽകൽ | ആഴ്ചയിൽ ഒരുദിനം കുട്ടികൾതന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് | |

പ്രവർത്തനം : 2
പേര് : ഇംഗ്ലീഷ് ഡയറി (3,4ക്ലാസ്സുകളിൽ )
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് രചന മെച്ചപ്പെടുത്തുന്നതിന് ഇംഗ്ലീഷിലുള്ള | ഓരോ ദിവസത്തെയും വീട്ടിലെയും വിദ്യാലയത്തിലേയും അനുഭവങ്ങൾ ഇംഗ്ലീഷിൽ എഴുതുക | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 3
പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ (3,4 ക്ലാസ്സുകളിൽ )
ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുക | ഓരോ മാസവും ഏതെങ്കിലും വിഷയത്തെക്കുറിച്ച് ഇംഗ്ലീഷിൽ ബുള്ളറ്റിൻ ഒരുക്കു<br>ജൂൺ - പരിസ്ഥിതി<br>ജൂലൈ - ചന്ദ്രൻ<br>ആഗസ്ത് - സ്വാതന്ത്ര്യദിനം<br>സെപ്തംബർ - ഓണം<br>ഒക്ടോബർ - ഗാന്ധി<br>നവംബർ - കേരളം<br>ഡിസംബർ - ക്രിസ്തുമസ്<br>ജനുവരി - ന്യൂഇയർ | ഓരോ മാസവും | ക്ലാസ്സ് ടീച്ചർ | |

## ഇംഗ്ലീഷ്

പ്രവർത്തനം : ഇംഗ്ലീഷ് കോർണർ

| ലക്ഷ്യം | പ്രവർത്ത നങ്ങൾ | കാലം | സാമ്പത്തിക വിശകലനം | |
|---|---|---|---|---|
| കുട്ടികൾക്ക് ഇംഗ്ലീഷ് ഭാഷ യിലുള്ള കഥകൾ റീഡിങ് കാർഡ്സ് എന്നിവ വായിക്കാനുള്ള അവസരം ഒരു ക്കൽ | എല്ലാ നിലവാര ത്തിലും ഉള്ള കുട്ടികൾക്ക് വായിക്കാനു ള്ള വായന സാമഗ്രിക ൾ ഒരുക്കൽ | ജൂൺ- മാർച്ച് | 2000 | |

ഇംഗ്ലീഷ് ഭാഷയിലുള്ള ആശയവിനിമയം

| ലക്ഷ്യം | പ്രവർത്ത നങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യുന്നതി നുള്ള അവസരം ഒരുക്കൽ | കുട്ടികളുമായി ഇംഗ്ലീഷ് ഭാഷയിലു ള്ള സംഭാഷ ണം ഇംഗ്ലീഷ് എൻഹാൻ സ്മെന്റ് പ്രോഗ്രാമുക ൾ സംഘടിപ്പി ക്കൽ | ജൂൺ- മാർച്ച് | അധ്യാപക ർ റിസോഴ്സ് പേഴ്സൺ | 3000 |

# അറബിക്

പ്രവർത്തനം : 1

പേര് : **ലോക ഭാഷ -അറബി ഭാഷ**

ഉപമേഖല : അടിസ്ഥാന ശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അറബി ഭാഷയിൽ അടിസ്ഥാന ശേഷികൾ നേടിയെടുക്കുക | • പ്രൈമറി ക്ലാസ് മുതൽ ഭാഷാ ശേഷികളുടെ വളർച്ച ഉറപ്പ് വരുത്തുക.<br>• മുന്നറിവ് പരിശോധിക്കുക<br>• അക്ഷരങ്ങൾ ഉറപ്പിക്കൽ<br>• വാചകങ്ങൾ നിർമ്മിക്കൽ<br>• ഭാഷാ കളികൾ | രണ്ടുമാസം | അറബി ടീച്ചർ | |

പ്രവർത്തനം : 2

പേര് : **അറബി വായനോത്സവം**

ഉപമേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക | • വായനാ മത്സരം ക്ലാസ് ലൈബ്രറി<br>• സ്കൂൾ ലൈബ്രറി<br>• വായാനാകുറിപ്പുകൾ<br>• അറബിക് പത്രവായന/റേഡിയോ | ജൂൺ - മാർച്ച് | അറബി ടീച്ചർ | |

പ്രവർത്തനം : 3

പേര് : **അറബി രചനോത്സവം**

ഉപമേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് | • പതിപ്പുകളുടെ നിർമാണം<br>• വായനാകുറിപ്പ് ശേഖരണം<br>• ചുമർപത്രങ്ങൾ, പോസ്റ്ററുകൾ<br>• ഭാഷാകളികൾ | ജൂൺ - മാർച്ച് | അറബി ടീച്ചർ | 2000 |

ഗണിതം

ഗണിത ലാബ്

ഉപ മേഖല :ഗണിതകേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ആശയങ്ങൾ മുഴുവൻ കുട്ടികൾക്കും ലഭ്യമാക്കൽ | എല്ലാ ക്ലാസ്സ് ആവശ്യമായ ഗണിത ലാബ് സജ്ജീകരിക്കൽ | ജൂൺ | Hm, പിടിഎ<br>അധ്യാപകർ | |

ഗണിത മൂല

ഗണിത കേളികൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന ഗണിത ആശയങ്ങൾ മുഴുവൻ കുട്ടികൾക്കും ലഭ്യമാക്കൽ | എല്ലാ ക്ലാസിലും ഗണിത മൂല എല്ലാ കുട്ടികൾക്കും ഗണിത കിറ്റുകൾ സംഘടിപ്പിക്കൽ | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ കുട്ടികൾ | 2000 |

# പരിസര പഠനം

ശാസ്ത്ര പഠനോപകരണ ശില്പശാല

- ഉപ മേഖല : ലാബ് ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കൽ | ഓരോ ക്ലാസിനും അനുയോജ്യമായ പരീക്ഷണ നിരീക്ഷണ പ്രവർത്തനങ്ങൾക്കിണങ്ങും വിധം ശിൽപ്പ ശാലകൾ വർക് ഷോപ്പുകൾ സംഘടി | ജൂൺ- മാർച്ച് | ക്ലാസ് ടീച്ചർ | 2500 |

| | | | | |
|---|---|---|---|---|
| | പ്പിക്കൽ | | | |

ശാസ്ത്ര പരീക്ഷണങ്ങൾ കുറിപ്പ് തയ്യാറാക്കൽ
ഉപമേഖല : ശാസ്ത്രാവബോധം വളർത്തൽ

| ലക്ഷ്യം | പ്രവർത്ത നങ്ങൾ | കാലം | ചുമതല | സാമ്പത്തി ക വിശകലനം |
|---|---|---|---|---|
| ശാസ്ത്ര പഠന താല്പര്യം വളർത്തൽ<br><br>ശാസ്ത്രാവ ബോധം ശാസ്ത്രീയ മനോഭാവം വളർത്തൽ | വിവിധ ശാസ്ത്ര പരീക്ഷണ ങ്ങൾ ചെയ്യൽ<br><br>പരീക്ഷണ ങ്ങൾ രേഖപ്പെടു ത്തുന്നതി ന്റെ പ്രാധാന്യം മനസ്സിലാ ക്കുന്ന തരത്തിൽ പരീക്ഷണ ക്കുറിപ്പ് തയ്യാറാക്ക | ജൂൺ- മാർച്ച് | ക്ലാസ് ടീച്ചർ | 1000 |

| | | | | |
|---|---|---|---|---|
| | ൽ | | | |

പരീക്ഷണ കിറ്റ്

ഉപമേഖല: പരീക്ഷണങ്ങൾക്ക് ആവശ്യമായ വസ്തുക്കളുടെ ശേഖരണം

| ലക്ഷ്യം | പ്രവർത്ത നങ്ങൾ | കാലം | ചുമതല | സാമ്പത്തി ക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപ്രക്രി യ ശേഷികളു ടെ വളർച്ച യ്ക്ക് ഇണങ്ങും വിധം ഉള്ള പ്രവർത്ത നങ്ങൾ ഒരുക്കുക | മുഴവൻ കുട്ടികൾ ക്കും ശാസ്ത്ര പരീക്ഷണ ങ്ങൾ ക്കി ണങ്ങും വിധം ആവശ്യമാ യ വസ്തുക്കൾ ശേഖരിച്ച് സൂക്ഷിക്കു ന്നതിന് പരീക്ഷണ കിറ്റ് തയ്യാറാക്ക ൽ മുഴവൻ | ജൂൺ- മാർച്ച് | ക്ലാസ് ടീച്ചർ | 3000 |

പ്രവൃത്തിപരിചയം

പ്രവൃത്തി പരിചയ ശില്പശാല
ഉപ മേഖല : നിർമ്മാണ കഴിവുകൾ വികസിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നിർമ്മാണത്തിലുള്ള കഴിവുകൾ എല്ലാ കുട്ടികളിലും | പ്രവൃത്തി പരിചയ ഇനങ്ങളിൽ കുട്ടികൾക്ക് പരിശീലനം ലഭ്യമാക്കൽ, നിർമ്മാണം ചന്ദനത്തിരി പാവ | ജൂൺ-മാർച്ച് | ക്ലാസ് ടീച്ചർ | 4000 |

ഒറിഗാമി

ഉപ മേഖല :കരകൗശല പരിശീലനം

| ലക്ഷ്യം | പ്രവർത്ത നങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ വിഷയ പഠനങ്ങളിൽ പ്രവൃത്തി പരിചയാനുഭവത്തെ ബന്ധിപ്പിക്കുക | ഒറിഗാമിയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ പാഠഭാഗത്തെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പരിശീലനം ലഭ്യമാക്കൽ | ജൂൺ -മാർച്ച് | റിസോഴ്സ് പേഴ്സൺ | 3000 |

വിവരസാങ്കേതികവിദ്യ

വിവരസാങ്കേതികവിദ്യയിൽ പരിശീലനം

ഉപ മേഖല : അധ്യാപക ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവരസാങ്കേതികവിദ്യ ഫലപ്രദമായി പ്രയോജനപ്പെടുത്തുക | പാഠഭാഗവുമായി ബന്ധപ്പെട്ട ഐസിടി സാധ്യതകൾ ശേഖരിക്കൽ പരിചയപ്പെടുത്തൽ | ജൂൺ -മാർച്ച് | ക്ലാസ് ടീച്ചർ SITC | |

ഐടി ലാബ്

| ലക്ഷ്യം | പ്ര | കാലം | ചുമതല | |
|---|---|---|---|---|

| | വർത്തനങ്ങൾ | | | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള അവസരം | അധ്യാപകർക്ക് ഐടിഐസിടി പ്രവർത്തനങ്ങൾ, പരിശീലന പരിപാടികൾ സംഘടിപ്പിക്കൽ | ജൂൺ-മാർച്ച് | SITC | |

സർഗ്ഗ വേദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തി വികസിപ്പിക്കൽ | ആഴ്ചയിൽ ഒരു ദിവസം സർഗ്ഗ വേദി നടത്തൽ | എല്ലാ ആഴ്ചയിലും | ക്ലാസ് ടീച്ചർ കുട്ടികൾ | |

ടാലന്റ് ലാബുകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| കുട്ടികളുടെ സർഗാത്മകമായ കഴിവുകളുടെ വികസനത്തിന് ടാലന്റ് ലാബിൽ നിന്നും വിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തൽ | നൃത്തം പാട്ട് ചിത്രരചന തുടങ്ങിയ വിവിധങ്ങളായ മേഖലകളിൽ കുട്ടികൾക്ക് പരിശീലനം ഒരു ക്കൽ | ജൂൺ -മാർച്ച് | ക്ലാസ് ടീച്ചർ പിടിഎ | 5000 |

സർഗാത്മക കഴിവുകളുടെ പ്രകടനം

| ലക്ഷ്യം | പ്രവർത്തന | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |

| | | | | |
|---|---|---|---|---|
| | ങ്ങൾ | | | |
| ഓരോ കുട്ടിയുടെയും സർഗാത്മകമായ കഴിവുകൾ അവതരിപ്പിക്കുന്നതിനുള്ള വേദിയൊരുക്കൽ | കുട്ടികളുടെ കഴിവുകൾ പ്രകടിപ്പിക്കുന്നതിന് സ്കൂൾ അസംബ്ലി, ക്ലാസ്സ് റൂം സർഗ്ഗ വേദികൾ<br>ബാല സമാജം<br>വിവിധ മേളകളിൽ പങ്കെടുപ്പിക്കൽ<br>വിവിധ റീൽസുകൾ തയ്യാറാക്കൽ | ജൂൺ- മാർച്ച് | ക്ലാസ് ടീച്ചർ<br>വിവിധ ക്ലബ്ബുകൾ | |

## ആരോഗ്യ കായിക വിദ്യാഭ്യാസം

## കായികാരോഗ്യം

ഉപമേഖല : സൂംബ ഡാൻസ്, ഫുട്ബോൾ കോച്ചിംഗ്, ലഘു വ്യായാമ മുറകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ കായിക ആരോഗ്യം മെച്ചപ്പെടുത്തൽ | സൂംബ ഡാൻസ് ഫുട്ബോൾ കോച്ചിംഗ് അത്‌ലറ്റിക് പരിശീലനങ്ങൾ കരാട്ടെ ക്ലാസ്സ് | ജൂൺ- മാർച്ച് | HM SRG PTA | 10000 |

ഹെൽത്ത് ചെക്കപ്പ്

ഉപ മേഖല :ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| കുട്ടികളിലെ ആരോഗ്യപരമായ പ്രശ്നങ്ങൾ കണ്ടെത്തൽ | കുട്ടികളുടെ പ്രയാസങ്ങൾ കണ്ടെത്തുന്നതിനായി ആരോഗ്യ ചെക്കപ്പ് | ജൂൺ സെപ്റ്റംബർ ഡിസംബർ | PHC | |

കായിക വിദ്യാഭ്യാസം

ഉപ മേഖല: അധ്യാപക ശാ ക്തികരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ കായിക വിദ്യാഭ്യാസത്തിൽ എല്ലാ കുട്ടികൾക്കും അവസരം ലഭ്യമാക്കൽ | വിവിധ വ്യായാമമുറകൾ ഗെയിംസ് ഫിസിക്കൽഎ ക്സർസൈസ് സൂംബ ഡാൻസ് എന്നിവയിൽ അധ്യാപകർക്ക് പരിശീലനം നൽകൽ | ജൂൺ-മാർച്ച് | SRG | |

# മൊബൈൽ അഡിക്ഷൻ ലഹരി ബോധവൽക്കരണം

ഉപ മേഖല : ശാരീരിക മാനസിക ആരോഗ്യ ബോധവൽക്കരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ മൊബൈൽ ഉപയോഗം കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട അവബോധം വളർത്തൽ | ബോധവൽക്കരണ ക്ലാസുകൾ പോസ്റ്റർ നിർമ്മാണം വീഡിയോ പ്രദർശനം കൗൺസിലിംഗ് ക്ലാസുകൾ | ജൂൺ-മാർച്ച് | ആരോഗ്യവകുപ്പ് പോലീസ് എക്സൈസ് വിഭാഗം | 2000 |